2024
MAY
15
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## ചൈനീസ് ഉൽപ്പന്നങ്ങൾക്ക് കനത്ത ഇറക്കുമതി തീരുവ ചുമത്തി യുഎസ്

**വാഷിംഗ്ടൺ ഡിസി:** ചൈനീസ് ഉൽപ്പന്നങ്ങൾക്ക് കനത്ത ഇറക്കുമതി തീരുവ ചുമത്തി അമേരിക്കൻ പ്രസിഡൻറ് ജോ ബൈഡൻ. ചൈനീസ് ഇലക്ട്രിക് വാഹനങ്ങൾ, ബാറ്ററികൾ, സ്റ്റീൽ, സോളാർ സെല്ലുകൾ, അലുമിനിയം എന്നിവയ്ക്കാണ് കനത്ത ഇറക്കുമതി തീരുവ ചുമത്തിയത്.

ഇലക്ട്രിക് വാഹനങ്ങൾക്ക് 100 ശതമാനം താരിഫ്, അർധ ചാലകങ്ങൾക്ക് 50 ശതമാനം താരിഫ്, ചൈനയിൽ നിന്നുള്ള ഇലക്ട്രിക് വാഹന ബാറ്ററികൾക്ക് 25 ശതമാനം വീതം താരിഫ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വൈറ്റ് ഹൗസിലെ റോസ് ഗാർഡനിൽ നിന്ന് രാജ്യത്തെ അഭിസംബോധന ചെയ്തുകൊണ്ടാണ് ബൈഡൻ തീരുമാനം അറിയിച്ചത്. 'അമേരിക്കയിലെ ജനങ്ങൾക്ക് അവർ ആഗ്രഹിക്കുന്ന ഏത് തരത്തിലുള്ള കാറും വാങ്ങുന്നത് തുടരാം. എന്നാൽ ഈ കാറുകളുടെ വിപണിയെ അന്യായമായി നിയന്ത്രിക്കാൻ ഞങ്ങൾ ഒരിക്കലും ചൈനയെ അനുവദിക്കില്ല. എനിക്ക് ചൈനയുമായി ന്യായമായ മത്സരമാണ് വേണ്ടത്, സംഘർഷമല്ല'.ബൈഡൻ പറഞ്ഞു.



മുൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപിൻറെ ചൈന നയത്തിനെതിരെയും ബൈഡൻ ആഞ്ഞടിച്ചു. അമേരിക്കൻ കയറ്റുമതിയും ഉൽപ്പാദനവും വർധിപ്പിക്കുമെന്ന് ട്രംപ് വാഗ്ദാനം ചെയ്തിരുന്നുവെന്നും പക്ഷേ അദ്ദേഹം ഒന്നും ചെയ്തില്ലെന്നും ബൈഡൻ കുറ്റപ്പെടുത്തി.

അതേസമയം, നികുതി വർധനവ് പ്രാബല്യത്തിൽ വരുമ്പോൾ അമേരിക്കചൈന വ്യാപാര യുദ്ധത്തിന് ഇത് ആക്കം കൂട്ടിയേക്കുമെന്നാണ് വിലയിരുത്തലുകൾ.

നേരത്തെ ചൈനീസ് കമ്പനികളുടെ ഇലക്ട്രിക് വാഹനങ്ങൾ അമേരിക്കയിൽ നിരോധിക്കണമെന്ന ആവശ്യം യുഎസ് സെനറ്ററായ ഷെറോഡ് ബ്രൗൺ ജോ ബൈഡന് മുന്നിൽ ഉന്നയിച്ചിരുന്നു.

ചൈനീസ് ഇലക്ട്രിക് വാഹനങ്ങൾ അമേരിക്കയിലെ വാഹന വ്യവസായ മേഖലയ്ക്ക് ഭീഷണിയാണെന്നും അതുകൊണ്ടു തന്നെ ചൈനീസ് കമ്പനികൾ നിർമിക്കുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് അമേരിക്കയിൽ നിരോധനം ഏർപ്പെടുത്തണമെന്നുമാണ് സെനറ്ററായ ഷെറോഡ് ബ്രൗൺ പ്രസിഡൻറ് ബൈഡനോട് ആവശ്യപ്പെട്ടിരുന്നത്.

ചൈനീസ് കമ്പനികൾക്ക് പുറമെ, ഇലക്ട്രിക് വാഹനങ്ങൾ നിർമിക്കുന്ന ചൈനീസ് അനുബന്ധ കമ്പനികൾക്കും നിരോധനം ഏർപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിരുന്നു.

ഈ വർഷം നവംബറിൽ നടക്കുന്ന യുഎസ് പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ ചൈന വിരുദ്ധത തെളിയിക്കുന്നതിനുള്ള ഡെമോക്രാറ്റുകളുടെ നീക്കമായും ഈ തീരുമാനത്തെ വിശേഷിപ്പിക്കുന്നുണ്ട്.



## ഭക്ഷ്യസംസ്കരണ മേഖലയിൽ ഒരു വർഷത്തിനുള്ളിൽ 2548 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചെന്ന് മന്ത്രി

**തിരുവനന്തപുരം:** ഭക്ഷ്യസംസ്കരണ മേഖലയിൽ ഒരു വർഷത്തിനുള്ളിൽ പിഎംഎഫ്എംഇ വഴി മാത്രം 2548 വ്യവസായ യൂണിറ്റുകൾ കേരളത്തിൽ ആരംഭിച്ചു. പിഎംഎഫ്എംഇ സ്കീമിലൂടെ 20232024 സാമ്പത്തികവർഷത്തിൽ 2500 യൂണിറ്റുകൾ തുടങ്ങാനായിരുന്നു ലക്ഷ്യമിട്ടതെങ്കിൽ 2548 സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കാൻ സാധിച്ചു. ഇന്ത്യയിലാകെ കേരളമടക്കം കേവലം മൂന്നു സംസ്ഥാനങ്ങൾക്ക് മാത്രമാണ് കേന്ദ്രം നൽകിയ ലക്ഷ്യം പൂർത്തിയാക്കാൻ സാധിച്ചത്. ഇതോടെ, രാജ്യത്ത് സൂക്ഷ്മ ഭക്ഷ്യസംസ്കരണ യൂണിറ്റുകളുടെ റാങ്കിങ്ങിൽ മൂന്നാം സ്ഥാനത്ത് കേരളമെത്തി.

കഴിഞ്ഞ രണ്ട് വർഷത്തിനിടെ സംരംഭകവർഷം പദ്ധതിയിലൂടെ രണ്ടര ലക്ഷത്തോളം സംരംഭങ്ങളാരംഭിച്ചിട്ടുള്ള കേരളത്തിൽ എല്ലാ മേഖലയിലും വ്യാവസായിക മുന്നേറ്റം സാധ്യമാകുകയാണെന്നതിൻറെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണിപ്പോൾ വന്നിരിക്കുന്ന കണക്കുകളെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു. ഇതിനൊപ്പം തന്നെ നൂതന സാങ്കേതിക മേഖലയിൽ കടന്നുവന്നുകൊണ്ടിരിക്കുന്ന നിക്ഷേപങ്ങളും നമ്മുടെ കേരളത്തെ രാജ്യത്തെ തന്നെ ഏറ്റവും പ്രധാനപ്പെട്ട വ്യാവസായിക ലക്ഷ്യസ്ഥാനമാക്കി ഉയർത്തുകയാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.



## എൽടിടിഇ നിരോധനം 5 വർഷത്തേക്ക് നീട്ടി കേന്ദ്രം

**ന്യൂഡൽഹി:** എൽടിടിഇയുടെ നിരോധനം 5 വർഷത്തേയ്ക്ക് കൂടി നീട്ടി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. നിരോധനം പിൻവലിക്കണമെന്ന് തമിഴ്നാട്ടിലെ വിവിധ രാഷ്ട്രീയ കക്ഷികൾ അടക്കം ആവശ്യപ്പെടുന്നതിനിടെയാണ് യുഎപിഎ നിയമപ്രകാരമുള്ള കേന്ദ്രസർക്കാർ നടപടി. തമിഴ് ജനതയ്ക്ക് പ്രത്യേക രാജ്യം എന്ന ആശയം എൽടിടിഇ ഉപേക്ഷിച്ചിട്ടില്ലെന്നും ഇതിനായി ധനസമാഹരണവും പ്രചാരണ പ്രവർത്തനങ്ങളും തുടരുന്നതായും സർക്കാർ വിലയിരുത്തലുണ്ട്.

സംഘടനയുടെ നേതാക്കൾ വീണ്ടും ഏകോപിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നു. രാജ്യത്തിൻറെ സുരക്ഷയ്ക്കും അഖണ്ഡതയ്ക്കും എൽടിടിഇ ഇപ്പോഴും ഭീഷണിയാണെന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിലയിരുത്തുന്നു. 1991ൽ പ്രധാനമന്ത്രി രാജീവ് ഗാന്ധി കൊല്ലപ്പെട്ടതിന് പിന്നാലെയാണ് എൽടിടിഇയെ നിരോധിച്ചത്.



## ഇന്നു മുതൽ വ്യാപക മഴയ്ക്ക് സാധ്യത: 3 ജില്ലകളിൽ യെലോ അലർട്ട്

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്നു മുതൽ 20 വരെ വ്യാപക മഴയ്ക്കു സാധ്യത. അറബിക്കടലിനു മുകളിൽ ചക്രവാതച്ചുഴി രൂപപ്പെട്ടതായി കാലാവസ്ഥാവകുപ്പ് അറിയിച്ചു. ഇന്നലെ പല ജില്ലകളിലും മഴ ലഭിച്ചു. ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഇന്നലെ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചിരുന്നു. ഇന്നു തെക്കൻ ജില്ലകളിലാണു കൂടുതൽ മഴയ്ക്കു സാധ്യത. ശക്തമായ മഴയ്ക്കു സാധ്യത ഉള്ളതിനാൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് യെലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

ചില സ്ഥലങ്ങളിൽ മഴയ്ക്ക് പുറമേ ഇടിമിന്നലും 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി ഇന്ന് അർധരാത്രി വരെ തെക്കൻ തമിഴ്നാട്, കേരള തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതായി ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ നിന്നു മത്സ്യബന്ധനത്തിനു പോകാൻ പാടില്ലെന്ന് കാലാവസ്ഥാവകുപ്പ് വ്യക്തമാക്കി. അതേസമയം, മഴ ലഭിച്ചു തുടങ്ങിയതോടെ പകൽ താപനിലയിൽ 4 ഡിഗ്രി വരെ കുറവുണ്ടായി. ഇന്നലെ ഏറ്റവും കൂടിയ പകൽ താപനില 36.1 ഡിഗ്രി സെൽഷ്യസ് പാലക്കാട്ടു രേഖപ്പെടുത്തി.





# ചരിത്രാന്വേഷികൾക്ക് വിസ്മയമായി ദുബായ് മ്യൂസിയങ്ങൾ

**ദുബായ്:** രാജ്യത്തെ നിർവചിക്കുന്ന സമ്പന്നമായ പൈതൃകവും സാംസ്കാരിക വൈവിധ്യവും പ്രദർശിപ്പിച്ചുകൊണ്ട് ഓരോ മ്യൂസിയവും ചരിത്രത്തിലൂടെ ഒരു അതുല്യമായ യാത്ര വാഗ്ദാനം ചെയ്യുന്നു. ദുബായിലെ വ്യതിരിക്തവും നാഴികക്കല്ലുകളുമായ മ്യൂസിയങ്ങളിൽ രാജ്യത്തിന്റെ ഭൂതകാലത്തിന്റെ ആകർഷകമായ കഥകളിലേക്ക് ആഴ്ന്നിറങ്ങാൻ ചരിത്ര വിദ്യാർത്ഥികൾക്കും ചരിത്രാന്വേഷികൾക്കും ദുബൈയിലെ മ്യൂസിയങ്ങൾ അവസരം നൽകുന്നു. ദുബൈയിലെ വനിതാ മ്യൂസിയം, പേൾ മ്യൂസിയം, കോഫി മ്യൂസിയം, ആന്റിക് മ്യൂസിയം, കവി അൽ ഒഖൈലിയുടെ മ്യൂസിയം എന്നിവയാണ് ചരിത്രാന്വേഷികളെ ദുബൈയിലേക്ക് ആകർഷിക്കുന്നത്.

ദെയ്റയിലെ ബൈത്ത് അൽ ബനാത്തിലെ വനിതാ മ്യൂസിയത്തിൽ എമിറാത്തി സ്ത്രീകളുടെ സമ്പന്നമായ ചരിത്രം പര്യവേക്ഷണംചെയ്യാം. ദുബായിയെയും യുഎഇയെയും രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച കലാകാരന്മാർ, ആക്ടിവിസ്റ്റുകൾ, പണ്ഡിതന്മാർ തുടങ്ങിയ വ്യക്തിഗത എമിറാത്തി സ്ത്രീകളെയാണ് പ്രദർശനങ്ങളിൽ അവതരിപ്പിക്കുന്നത്. 19ാം നൂറ്റാണ്ടിലും 20ാം നൂറ്റാണ്ടിന്റെ തുടക്കത്തിലും നിർണായകമായ വ്യാപാരമായിരുന്ന പേൾ ഡൈവിങ്ങിന് പേൾ മ്യൂസിയം ആദരവ് അർപ്പിക്കുന്നു. ഒരുകാലത്ത് പ്രശസ്ത മുത്ത് വ്യാപാരി അലി ബിൻ അബ്ദുല്ല അൽ ഒവൈസിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന അറേബ്യൻ ഗൾഫിൽ നിന്നുള്ള ലോകത്തിലെ ഏറ്റവും വലിയ പ്രകൃതിദത്ത ഉപ്പുവെള്ള മുത്തുകളുടെ ശേഖരം ഇവിടെയുണ്ട്.

അതിശയകരമായ ആഭരണങ്ങൾക്കൊപ്പം, മുങ്ങൽ വിദഗ്ധരും നാവികരും ഈ വിലയേറിയ മുത്തുകൾ ശേഖരിക്കുന്നതിനും കൊണ്ടുപോകുന്നതിനും ഉപയോഗിക്കുന്ന ഉപകരണങ്ങളും ഉപകരണങ്ങളും മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നു.

ദുബായിലെ കോഫി മ്യൂസിയത്തിൽ കാപ്പിയുടെ ചരിത്രത്തിലേക്ക് ആഴത്തിലിറങ്ങി പുതുതായി ഉണ്ടാക്കിയ സാമ്പിളുകൾ ആസ്വദിക്കാം.

അറബിക് സംസ്കാരത്തിൽ കാപ്പിക്ക് ഉള്ള പ്രധാന സ്ഥാനം ഈ മ്യൂസിയം എടുത്തുകാട്ടുന്നു. പുരാവസ്തുക്കൾ, കരകൗശല വസ്തുക്കൾ, സെറാമിക്സ്, സുവനീറുകൾ എന്നിവയും അതിലേറെയും ഉൾപ്പെടെയുള്ള സവിശേഷമായ വസ്തുക്കളുടെ ഒരു നിര പ്രദർശിപ്പിക്കുന്ന ഒരു സ്റ്റോറിന്റെയും മ്യൂസിയത്തിന്റെയും സംയോജനമാണ് ദുബായിലെ ആന്റിക് മ്യൂസിയം. കരകൗശല വസ്തുക്കളുടെയും പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങളുടെയും ആഗോളതലത്തിൽ ഏറ്റവും വലിയ കേന്ദ്രമായി ഇത് നിലകൊള്ളുന്നു.

# മോട്ടോറോള പുതിയ ഇയർബഡ്സ് പുറത്തിറക്കി

**കൊച്ചി:** മോട്ടറോള പുതിയ മോട്ടോ ബഡ്സ്, മോട്ടോ ബഡ്സ് പ്ലസ്, ഇയർബഡ്സുകൾ പുറത്തിറക്കി. സൗണ്ട് ബൈ ബോസ് അവതരിപ്പിക്കുന്ന മോട്ടോ ബഡ്സ് പ്ലസിൽ ശബ്ദ നിലവാരം ഒപ്റ്റിമൈസ് ചെയ്യുന്നതിൽ ബോസിന്റെ ആക്റ്റീവ് നോയ്സ് ക്യാൻസലേഷൻ, ഇക്യു ട്യൂണിംഗ്, ഡ്യുവൽ ഡൈനാമിക് ഡ്രൈവറുകൾ എന്നിവയുണ്ട്. ഒറ്റ തവണ ചാർജ് ചെയ്തുകൊണ്ട് ഇയർബഡുകൾക്ക് 8 മണിക്കൂർ വരെയും കെയ്സ് ബാറ്ററി ബാക്കപ്പിൽ 42 മണിക്കൂർ വരെയും ചാർജ് നിൽക്കും.10 മിനിറ്റ് ചാർജിൽ നിന്ന് 3 മണിക്കൂർ വരെ ബാക്കപ്പ് നൽകുന്ന ഫാസ്റ്റ് ചാർജിംഗുമുണ്ട്. മോട്ടോ ബഡ്സ് പ്ലസിന് വയർലെസ് ചാർജ്ജിങ്ങുമുണ്ട്. ഡോൾബി അറ്റ്മോസ്, ഡോൾബി ഹെഡ് ട്രാക്കിംഗ്, 46ഡിബി നോയിസ് ക്യാൻസലേഷനും 3.3കെഹേർട്സ് വരെ അൾട്രാവൈഡ് നോയ്സ് ക്യാൻസലേഷൻ ഫ്രീക്വൻസി റേഞ്ചും,




ആംബിയന്റ് നോയ്സ്, വാട്ടർ റിപ്പല്ലന്റ് എന്നീ പ്രേത്യകതകളും പുതിയ ഇയർബഡ്സിനുണ്ട്.ബോസുമായുള്ള ഞങ്ങളുടെ സഹകരണത്തിലൂടെ ആളുകൾക്ക് മികച്ച ശബ്ദാനുഭവം നൽകാൻ കഴിയുമെന്ന് മോട്ടറോളയുടെ ഇന്ത്യയിലെ മൊബൈൽ ബിസിനസ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ടി എം നരസിംഹൻ പറഞ്ഞു.സ്റ്റാർലൈറ്റ് ബ്ലൂ, ഗ്ലേസിയർ ബ്ലൂ, കോറൽ പീച്ച് എന്നീ നിറങ്ങളിൽ ഇയർബഡ്സ് ലഭ്യമാണ്. മെയ് 15ന് ഉച്ചയ്ക്ക് 12 മണി മുതൽ ഫ്ലിപ്കാർട്ട്, മോട്ടറോള.ഇൻ എന്നിവയിൽ വിൽപ്പനയ്ക്കെത്തുന്ന മോട്ടോ ബഡ്സ് പ്ലസും മോട്ടോ ബഡ്സും യഥാക്രമം ലോഞ്ച് വിലയായ 9999 രൂപ, 4999 രൂപ എന്നീ വിലയിൽ ലഭ്യമായിരിക്കും. ബാങ്ക് ഓഫറുകൾ ഉൾപ്പെടെ യഥാക്രമം 7999 രൂപ, 3999 രൂപ എന്നീ വിലയിലും ലഭിക്കും. ലോഞ്ചിന്റെ ഭാഗമായി ഇന്ത്യയിലുടനീളമുള്ള മികച്ച സംഗീത കലാകാരന്മാരെ കൊണ്ടുവന്നുകൊണ്ട് അഞ്ച് വ്യത്യസ്ത ഭാഷകളിലായി അഞ്ച് ഗാനങ്ങൾ സൃഷ്ടിക്കുന്നതിനായി മോട്ടറോള 'സൗണ്ട് ഓഫ് പെർഫെക്ഷൻ' അവതരിപ്പിച്ചു.

# കെഎംഎ പ്രൊഫ. കെ.ടി ചാണ്ടി സ്മാരക പ്രഭാഷണം സംഘടിപ്പിച്ചു

**കൊച്ചി:** കേരള മാനേജ്മെൻറ് അസോസിയേഷൻ (കെഎംഎ) പ്രൊഫ. കെ ടി ചാണ്ടി സ്മാരക പ്രഭാഷണം സംഘടിപ്പിച്ചു. ഇമ്പാക്റ്റ് ഓഫ് എ ഐ ഓൺ ലീഡർഷിപ്പ് എന്ന വിഷയത്തിൽ ഗ്രോത്ത്, ലീഡർഷിപ്പ് ആൻഡ് മാനേജ്മെൻറ് മെൻറർ വി.കെ മാധവ് മോഹൻ പ്രഭാഷണം നടത്തി.

എല്ലാ വിവരങ്ങളും അറിവുകളും എല്ലാവർക്കും പ്രാപ്യമാകുന്ന കാലമാണിതെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. സ്മാർട്ട് ഫോണിൽ എന്തും ഏതും ലഭ്യമാകുന്ന കാലത് ആരെയും നിയന്ത്രിക്കുക എളുപ്പമല്ല. ഏത് പുതിയ സാങ്കേതികവിദ്യയും മനുഷ്യനന്മയ്ക്ക് വേണ്ടി ഉപയോഗപ്പെടുത്തുമ്പോഴാണ് സമൂഹത്തിനാകെ അതിന്റെ പ്രയോജനം ലഭിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. നിർമിത ബുദ്ധിയുടെ വരവ് ഇരുതല മൂർച്ചയുള്ള വാളാണ്. ഏത് വിധേനയും ഇത് ഉപയോഗപ്പെടുത്താം എന്നതിനാൽ അതീവ ജാഗ്രതയോടെ വേണം നിർമിത ബുദ്ധിയെ സമീപിക്കേണ്ടതെന്നും മാധവ് മേനോൻ പറഞ്ഞു.

കോട്ടയം സെയൻറ്ഗിറ്റ്സ് കോളേജ് ഓഫ് എഞ്ചിനീയറിങ് വൈസ് പ്രിൻസിപ്പാൾ ഡോ. റോജി ജോർജ് കെ ടി ചാണ്ടി അനുസ്മരണ പ്രസംഗം നടത്തി.

കേരളം കണ്ട ഏറ്റവും മികച്ച മാനേജ്മെൻറ് വിദഗ്ധനും അധ്യാപകനും ആയിരുന്നു കെ.ടി ചാണ്ടിയെന്ന് അദ്ദേഹം അനുസ്മരിച്ചു. ബഹുമുഖ പ്രതിഭയായിരുന്നു കെ.ടി ചാണ്ടിയുടെ ഉപദേശം സ്വീകരിച്ചവരിൽ ബിസിനസ് രംഗത്തെ പ്രമുഖർ മുതൽ നയതന്ത്ര വിദഗ്ധർ വരെയുണ്ട്. നിയമപരമായ കാര്യങ്ങളിലും അഗാധമായ അറിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നുവെന്നും ഡോ. റോയ് ചൂണ്ടിക്കാട്ടി.

കെഎംഎ പ്രസിഡൻറ് എ.ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കെ.ടി ചാണ്ടി സ്മാരക പ്രഭാഷണ സമിതി അധ്യക്ഷൻ എസികെ നായർ ചടങ്ങിൽ പങ്കെടുത്തു.



# അനോമി അനിമ കലാ പ്രദർശനത്തിന് തുടക്കം

കൊച്ചി നഗരസഭയുടെ സാംസ്കാരിക സംരംഭമായ ആർട്ട്സ് സ്പേസ് കൊച്ചിയുടെ (ആസ്ക്) ഭാഗമായി നടക്കുന്ന 'അനോമി അനിമ' കലാ പ്രദർശനത്തിന് മഹാകവി ജി മെമ്മോറിയൽ കൾച്ചറൽ സെന്ററിൽ തുടക്കമായി.

കലാ പ്രദർശനത്തിൽ സമകാലിന ദൃശ്യകലാകാരന്മാരായ നന്ദൻ.പി.വി, റോബർട്ട്.വി.ജെ, അനിത.ടി.കെ, അനു. ബി.എസ്, സത്യഭാമ, സതീഷ്.കെ.കെ, ജഗേഷ് എടക്കാട്, , ധന്യ. എം സി, അഖിൽ മോഹൻ, പ്രകാശൻ. കെ. എസ്, ഷിനോജ് ചോറൻ, ശ്രീജിത്ത്.വി.സി, സജീഷ്. പി.എ, സനുൽ കുട്ടൻ, സുനീഷ് ചൊവ്വന്നൂർ, വിപിൻ.കെ.നായർ, സീയെം പ്രസാദ്, സജിത്ത് പുതുക്കലവട്ടം എന്നിവരുടെ ചിത്രങ്ങളാണ് പ്രദർശനത്തിനുള്ളത്.

കലാപ്രദർശനം 2024 മെയ് 27 വരെ മഹാകവി ജി മെമ്മോറിയൽ കൾച്ചറൽ സെന്ററിൽ നടക്കും.ചിത്രപ്രദർശനത്തിന്റെ ഉദ്ഘാടനം മഹാകവി ജി മെമ്മോറിയൽ കൾച്ചറൽ സെന്ററിൽ നടന്ന ചടങ്ങിൽ കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ നിർവഹിച്ചു. കലാകാരിയും കലാനിരൂപകയുമായ രാധാ ഗോമതി കലാപ്രദർശനത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഉൾക്കൊള്ളുന്ന വിധം ആശയത്തെകുറിച്ച് സംവദിച്ചു.

മുതിർന്ന ചിത്രകാരനും കലാധ്യാപകനുമായ ശശി.കെ.കെ, കലാനിരൂപകൻ എം. രാമചന്ദ്രൻ എന്നിവർ കലാപ്രദർശനത്തിന് ആശംസകൾ നേർന്നു സംസാരിച്ചു.




# സൂര്യദേവ് പുതിയ ടിഎംടി കമ്പികൾ വിപണിയിൽ അവതരിപ്പിച്ചു

**കൊച്ചി:** സൂര്യദേവ് അലോയ് ആൻറ് പവ്വർ എഫ്ഇ550ഡി സിആർഎസ് ടിഎംടി സ്റ്റീൽ കമ്പികൾ പുറത്തിറക്കി.ഉയർന്ന ഗുണനിലവാരമുള്ള ഇരുമ്പയിരിൽ നിന്നും സൂക്ഷ്മമായി രൂപകൽപ്പന ചെയ്തതും ചെമ്പ്, ക്രോമിയം, നിക്കൽ എന്നിവയുടെ മിശ്രിതങ്ങൾകൊണ്ട് നിർമ്മിച്ചിരിക്കുന്ന ടിഎംടി ബാറുകൾ തുരുമ്പെടുത്തു നശിക്കാത്തതും സമാനതകളില്ലാത്ത തുരുമ്പ് പ്രതിരോധത്തിൻറെ സവിശേഷതകൾ വാഗ്ദാനം ചെയ്യുന്നവെന്നും സൂര്യദേവ് അലോയ് ആൻറ് പവ്വർ കമ്പനി അധികൃതർ വ്യക്തമാക്കി.

ഈ കമ്പികളുടെ ഉപയോഗം പാരിസ്ഥിതിക ആഘാതം കുറയും. നിർമ്മാണങ്ങളിലെ ഇടയ്ക്കിടെയുള്ള അറ്റകുറ്റപ്പണികളും മാറ്റിസ്ഥാപിക്കലും കുറയുമ്പോൾ കെട്ടിടങ്ങളുടെ ആയുസ് ഗണ്യമായി വർദ്ധിക്കും. കമ്പികളെ നശിപ്പിക്കുന്ന രാസമൂലകങ്ങൾക്കെതിരെയുള്ള മികച്ച കവചമായിട്ടും ഇത് പ്രവർത്തിക്കുന്നുവെന്നത് മറ്റൊരു പ്രത്യേകതയാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.ചെന്നൈ മെട്രോ റെയിൽ, ബാംഗ്ലൂർ ചെന്നൈ എക്സ്പ്രസ്സ് വേ , ചെന്നൈ പെരിഫറൽ റിംഗ്റോഡ്, ചെന്നൈ തുറമുഖംമധുരവോയൽ എക്സ്പ്രസ് വേ തുടങ്ങിയ നാഴികല്ലായ ഇൻഫ്രാസ്ട്രക്ച്ചറൽ പദ്ധതികളുടെ അവിഭാജ്യ ഘടകമാകുന്നതിനും സൂര്യദേവന് കഴിഞ്ഞിട്ടുണ്ട്. ദക്ഷിണേന്ത്യയിൽ ഉടനീളമുള്ള 500ലധികം ഡീലർമാരുടെ ശക്തവും പ്രതിബദ്ധതയുള്ളതുമായ ശൃംഖലയും, 2000ത്തിലധികം വിദഗ്ധ പ്രൊഫഷണറുകളുടെ ഒരു ടീമുമാണ് കമ്പനിയുടെ വിജയത്തിന് ഊർജ്ജം പകരുന്ന പ്രധാന ഘടകം. ഗുണനിലവാര മാനേജ്മെൻറ് (ഐഎസ്ഒ9001), എൻവയോൺമെൻറ് മാനേജ്മെൻറ് (ഐഎസ്ഒ14001), ഒക്യുപേഷണൽ ഹെൽത്ത് ആൻറ് സേഫ്റ്റി (ഐഎസ്ഒ45000) എന്നീ സർട്ടിഫിക്കേഷനുകൾ സൂര്യദേവിൻറെ പ്രവർത്തനമികവും മികച്ച നിലവാരവും എടുത്ത് കാണിക്കുന്നു. 2006 ൽ സ്ഥാപിതമായ സൂര്യദേവ് അലോയ് ആൻറ് പവ്വറിൻറെ തമിഴ്നാട്ടിലെ ന്യൂ ഗുമ്മിഡിപൂണ്ടിയിലെ അത്യാധുനിക സ്റ്റീൽ പ്ലാൻറിൻറെ വാർഷിക ഫിനിഷ്ഡ് സ്റ്റീൽ കപ്പാസിറ്റി 6,00,000 ടണ്ണാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.




# പുതുമകളോടെ പുതിയ ഡിഫൻഡർ

**കൊച്ചി:** ആഡംബര കാർ നിർമ്മാതാക്കളായ ലാൻഡ് റോവറിന്റെ ഡിഫൻഡർ പുതിയ മൂന്നു മോഡലുകൾ പുറത്തിറക്കി. ഡിഫൻഡർ 90, 110, 130 എന്നീ മോഡലുകളാണ് ഏറെ പുതുമകളോടെ പുറത്തിറക്കിയിട്ടുള്ളത്. ആഡംബര സാഹസികതയെ പുതിയ തലങ്ങളിലേക്ക് കൊണ്ട് പോകുന്ന നിരവധി മെച്ചപ്പെടുത്തലുകളാണ് പുതിയ ഡിഫൻഡർ ലൈൻ അപ്പിലുള്ളത്.

നാർവിക് ബ്ലാക്ക് ഡിഫെൻഡർ സ്ക്രിപ്റ്റ്, ഫ്രണ്ട് ഗ്രില്ലും സ്കിഡ് പ്ലേറ്റുകളും കൂടാതെ 50.8 സെ.മീ (20) ഗ്ലോസ് ബ്ലാക്ക് അലോയ് വീലുകളും ബോഡികളർ സ്പെയർ വീൽ കവറും ഉള്ള ഒരു എക്സ്റ്റെൻഡഡ് ബ്ലാക്ക് പായ്ക്ക് എന്നീ സവിശേഷതകളോടെയാണ് പുതിയ ഡിഫൻഡർ 90 വരുന്നത്. പുതിയ സിഗ്നേച്ചർ ഇന്റീരിയർ പായ്ക്കിനൊപ്പം രണ്ടാം നിരയിൽ ക്യാപ്റ്റൻ ചെയറുകൾ പുതിയ ഡിഫൻഡർ 130 വാഗ്ദാനം ചെയ്യുന്നു.

98,50,000 രൂപയാണ് ഡിഫൻഡർ 90യുടെ ഡൽഹി എക്സ് ഷോറൂം വില വരുന്നത്.ഡിഫൻഡർ 130ലെ പുതിയ ക്യാപ്റ്റൻ ചെയറുകൾ ഉപയോഗിച്ച്, ഇതിഹാസ സാഹസികതകളിലും പ്രാദേശിക പര്യവേഷണങ്ങളിലും ഇപ്പോൾ ഏഴ് പേർക്ക് വരെ കൂടുതൽ സുഖമായി യാത്ര ചെയ്യാമെന്ന് ഡിഫൻഡർ മാനേജിംഗ് ഡയറക്ടർ മാർക്ക് കാമറൂൺ പറഞ്ഞു.

പുതിയ സിഗ്നേച്ചർ ഇന്റീരിയർ പാക്ക്, മുൻ നിരയിൽ ഹീറ്റിംഗ്, കൂളിംഗ്, മെമ്മറി ഫംഗ്ഷനുകൾ, 14 വേ ഇലക്ട്രിക്കൽ നിയന്ത്രിത സീറ്റുകൾ, വിങ്ഡ് ഹെഡ് റെസ്റ്റുകൾ, ഡ്രൈവർ, പാസഞ്ചർ വശങ്ങളിൽ ഒരു പുതിയ സെന്റർ കൺസോൾ സൈഡ് പോക്കറ്റ് എന്നിങ്ങനെ നിരവധി സവിഷേതകളും ഓഫ്റോഡ് പായ്ക്ക്, അഡ്വാൻസ്ഡ് ഓഫ്റോഡ് പായ്ക്ക്, എയർ സസ്പെൻഷൻ പായ്ക്ക് എന്നിങ്ങനെ മൂന്നു ഡ്രൈവിംഗ്, എഡിഎഎസ് പായ്ക്കുകൾ, തണുത്ത കാലാവസ്ഥയ്ക്കും ടോവിങ്ങിനുമായുള്ള പായ്ക്കുകൾ, മൂന്നാം നിര സീറ്റിംഗ് പായ്ക്കുകൾ , ഇന്റീരിയർ പായ്ക്കുകൾ എന്നീ കസ്റ്റമൈസ് ചെയ്യാവുന്ന പായ്ക്കുകളും പുതിയ മോഡലുകളിൽ ലഭ്യമാണ്. മുമ്പത്തെ ഡി 300 എഞ്ചിന് പകരമായി ശക്തി കൂടിയ പുതിയ ഡി 350 ഡീസൽ എഞ്ചിനാണ് പുതിയ ഡിഫൻഡർ മോഡലുകളിൽ ഉണ്ടാവുകയെന്നും അദ്ദേഹം പറഞ്ഞു.

## 290 കുട്ടികൾക്ക് മുച്ചുണ്ടിൽ നിന്ന് മോചനം

# നിസാൻ മോട്ടോർ ഇന്ത്യയും സ്മൈൽ ട്രെയിനും കൈകോർത്തു

**കൊച്ചി:** നിസാൻ മോട്ടോർസ് ഇന്ത്യ സ്മൈൽ ട്രെയിൻ ഇന്ത്യയുമായി സഹകരിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 290 കുട്ടികൾക്ക് മുച്ചുണ്ട് പരിഹരിക്കുന്നതിനുള്ള ശസ്ത്രക്രിയ സൗജന്യമായി ചെയ്തുനൽകി. നിസാൻ മോട്ടോർസ് ഇന്ത്യയുടെ കോർപ്പറേറ്റ് സാമൂഹ്യപ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണിത്.

2023ലെ അവസാനപാദത്തിലാണ് സ്മൈൽ ട്രെയിൻ ഇന്ത്യയുമായി പങ്കാളിത്തമുള്ള ആശുപത്രികളിൽ 290 ശസ്ത്രക്രിയകളും നടത്തിയത്. ഡൽഹിയിലെ സാന്റ് പർമാനന്ദ് ആശുപത്രിയിൽ നടന്ന ചടങ്ങിൽ ശസ്ത്രക്രിയ നടത്തിയ കുട്ടികളും കുടുംബാംഗങ്ങളും പ്രശസ്ത്ര പ്ലാസ്റ്റിക് സർജറി വിദഗ്ധൻ ഡോ. എസ്.സി സൂദ്, നിസാൻ മോട്ടോർ ഇന്ത്യ കമ്പനിയുടെ മാനേജിങ് ഡയറക്ടർ സൗരഭ് വത്സ, സ്മൈൽ ട്രെയിൻ ഇന്ത്യയുടെ പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.

ശസ്ത്രക്രിയക്ക് വിധേയരായവരിൽ 161 പേർ (56%) രണ്ട് വയസിൽ താഴെയുള്ള കുട്ടികളായിരുന്നു എന്നതും ശ്രദ്ധേയം. ചെറുപ്പത്തിലേ ശസ്ത്രക്രിയ ചെയ്യാൻ കഴിഞ്ഞതിനാൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന എല്ലാ ബുദ്ധിമുട്ടുകളും തുടക്കത്തിലേ തന്നെ നീക്കാൻ കഴിഞ്ഞു. ഇതിൽ 18 വയസിന് താഴെയുള്ള 110 പേരും ഉൾപ്പെടുന്നു. മറ്റ് 19 പേർ (6%) 18 വയസ്സ് പിന്നിട്ടവരായിരുന്നു. കുട്ടികളും മുതിർന്നവരും ഉൾപ്പെടെ മുച്ചുണ്ടിന് ചികിത്സയാവശ്യമുള്ള നിരവധിപ്പേർ നമുക്കിടയിലുണ്ടെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

പൊതുജനങ്ങൾക്കിടയിൽ അധികമാരും ശ്രദ്ധിക്കാത്ത ചികിത്സാസംബന്ധമായ ബുദ്ധിമുട്ടുകൾ കണ്ടെത്തി പരിഹാരമുണ്ടാക്കുവാനാണ് കമ്പനി ശ്രമിച്ചതെന്നും അങ്ങനെയാണ് മുച്ചുണ്ട് കാരണം ബുദ്ധിമുട്ട് അനുഭവപ്പെടുന്നവർക്ക് സഹായം നൽകാമെന്ന തീരുമാനത്തിലെത്തിയത് എന്ന് സൗരഭ് വത്സ പറഞ്ഞു.

മുച്ചുണ്ട് പരിഹരിക്കുന്നതിനുള്ള ശസ്ത്രക്രിയ സൗജന്യമായും സുരക്ഷിതമായും ഗുണമേന്മയോടും കൂടി ചെയ്തുനൽകുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘടനയാണ് സ്മൈൽ ട്രെയിൻ.

ഈ പദ്ധതിയുമായുള്ള നിസാൻ ഇന്ത്യയുടെ സഹകരണം നിരവധി കുട്ടികളുടെ ജീവിതം മാറ്റിമറിച്ചുവെന്നും ആരോഗ്യകരമായ സാധാരണ ജീവിതത്തിലേക്ക് അവരെ കൊണ്ടുവന്നുവെന്നും സ്മൈൽ ട്രെയിൻ സീനിയർ വൈസ് പ്രസിഡണ്ടും ഏഷ്യ റീജിയണൽ ഡയറക്ടറുമായ മംമ്ത കരോൾ പറഞ്ഞു.



# വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം

**ആലുവ:** ഇസാഫ് ഫൗണ്ടേഷനും കേന്ദ്ര സർക്കാർ സ്ഥാപനമായ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനും ചേർന്ന് വനിതകൾക്ക് മൂന്ന് ദിവസത്തെ പേപ്പർ ബാഗ് നിർമ്മാണ പരിശീലനം നൽകുന്നു. ആലുവ ഗവണ്മെന്റ് ഹോസ്പിറ്റലിനു സമീപമുള്ള ഇസാഫ് ഫൗണ്ടേഷനിൽ ഈ മാസം 20, 21, 22 തീയതികളിലാണ് ക്ലാസ് നടക്കുന്നത്. പരിശീലന സെഷനുകൾ പൂർത്തീകരിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക, 04843548159, 9846494981,9495664227

# ഗോ ഡിജിറ്റ് ജനറൽ ഇൻഷുറൻസ് ഐപിഒ ഇന്ന്

**കൊച്ചി:** ബെംഗളൂരു ആസ്ഥാനമായ ഗോ ഡിജിറ്റ് ജനറൽ ഇൻഷുറൻസ് പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) ഇന്ന്(മെയ് 15) ആരംഭിക്കും. 1,125 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർമാരുടേയും മറ്റു നിക്ഷേപകരുടേയും കൈവശമുള്ള 5.47 കോടി ഓഹരികളുമാണ് ഐപിഒയിലൂടെ വിറ്റഴിക്കുന്നത്. മേയ് 17ന് ഐപിഒ ക്ലോസ് ചെയ്യും. 258 രൂപ മുതൽ 272 രൂപ വരെയാണ് ഓഹരിയുടെ നിശ്ചിത വില. ഇൻഷുറൻസ് രംഗത്ത് ഡിജിറ്റൽ ഇൻഷുറൻസ് സേവനങ്ങൾക്ക് മുൻഗണന നൽകുന്ന ഗോ ഡിജിറ്റ് കാമേഷ് ഗോയലിന്റെ നേതൃത്വത്തിൽ 2017ലാണ് ആരംഭിച്ചത്.

# പ്രതിദിന സ്വർണ്ണ സമ്പാദ്യ പദ്ധതിയുമായി മൊബികിക്ക

**കൊച്ചി:** പ്രതിദിന സ്വർണ്ണ സമ്പാദ്യ പദ്ധതി ആരംഭിച്ച് ഫിൻടെക് കമ്പനിയായ വൺ മൊബികിക് സിസ്റ്റംസ് ലിമിറ്റഡ് (മൊബിക്വിക്). പുതുതായി അവതരിപ്പിച്ച ഡെയ്‌ലി ഗോൾഡ് സേവിംഗ്സ് പ്ലാൻ പ്രതിദിനം ചെറിയ തുകകൾ ലാഭിക്കാൻ ഉപയോക്താക്കളെ പ്രാപ്തരാക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ദിവസേന 51 രൂപയിൽ കൂടുതൽ എസ്ഐപി ചെയ്യുന്ന ഉപയോക്താക്കൾക്ക് ഓരോ പാദത്തിലും ഒരു എസ്ഐപി ചെലവ് ലഭിക്കാൻ അർഹതയുണ്ട് എന്നതാണ് ഡെയ്‌ലി ഗോൾഡ് സേവിംഗ്സ് പ്ലാനിന്റെ പ്രധാന സവിശേഷതകളിലൊരെണ്ണമെന്നും കമ്പനി അധികൃതർ അറിയിച്ചു.

# പുതിയ ശേഖരവുമായി പ്ലാറ്റിനം ലവ് ബാൻഡ്

**കൊച്ചി :** ഈ വേനൽ കാലത്ത് പ്ലാറ്റിനം ലവ് ബാൻഡ് പ്രത്യേക പ്ലാറ്റിനം കളക്ഷനുമായി വിപണിയൽ . പരമ്പരാഗത ഡിസൈനുകളുടെ ആധുനിക പതിപ്പുകൾ,സ്ത്രീകൾക്കും പുരുഷന്മാർക്കു മായി തയ്യാറാക്കിയ പ്രത്യേക കളക്ഷനുകൾ എന്നിവ ലഭ്യമാകും. പ്രത്യേകതരം പെൻഡന്റു കൾ, ചെകൾ കമ്മലുകൾ, നെക്ളേസുകൾ തുടങ്ങി ദാമ്പതികൾക്കായി തയ്യാറാക്കിയിരിക്കുന്നു.

# സൗജന്യ സമ്മർ ക്യാമ്പ്

**വെള്ളാങ്ങല്ലൂർ:** ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതന മാറ്റങ്ങളെ വിദ്യാർഥികൾക്കു പരിചയപെടുത്തുന്നതിനായി മെയ് 20 മുതൽ 25 വരെ വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജിൽ സൗജന്യ സമ്മർ ക്യാമ്പ് സംഘടിപ്പിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേർണിംഗ്, സൈബർ സെക്യൂരിറ്റി, ഇലക്ട്രിക്ക് വെഹിക്കിൾ, ഡിസൈൻ യുവർ ഡ്രീം ഹോം, വെബ്സൈറ്റ് ഡിസൈനിങ്, ഗെയിം ഡെവലപ്മെന്റ് എന്നിവയാണ് വിഷയങ്ങൾ. 8 മുതൽ 12 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് പ്രവേശനം. ക്യാമ്പിൽ പ്രവേശനത്തിന് 8086504420 ,8075662077 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# റിസർച്ച് അസിസ്റ്റൻറ്, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ (എൻ.എച്ച്.ആർ.സി) ൻറെ ധനസഹായത്തോടെ നടക്കുന്ന പ്രോജക്ടിൽ റിസർച്ച് അസിസ്റ്റൻറ് (1), ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ (3) താത്കാലിക ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ബിരുദാനന്തര ബിരുദം, നെറ്റ്/ ഗേറ്റ് ഉള്ളവർക്കും ഇല്ലാത്തവർക്കും റിസർച്ച് അസിസ്റ്റൻറ് ഒഴിവിലേക്ക് അപേക്ഷിക്കാം. ബിരുദാനന്തര ബിരുദമുള്ളവർക്ക് ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ ഒഴിവിലേക്ക് അപേക്ഷിക്കാം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് വിശദമായ ബയോഡാറ്റയും സമാന മേഖലയിലെ പ്രവർത്തിപരിചയം സഹിതം dpeooffice@cusat.ac.in എന്ന വിലാസത്തിൽ ജൂൺ 03 ന് മുൻപ് അയക്കുക. കൂടുതൽ വിവരങ്ങൾക്ക്, 0484 2862087, 04842862088 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.




# നടക്കാൻ പഠിപ്പിക്കുന്ന ജിഗൈറ്റർ റോബോട്ട് ഇനി കൊച്ചി അമൃത ആശുപത്രിയിൽ

**കൊച്ചി:** ചലനശേഷി നഷ്ടമായവരെ വീണ്ടും നടക്കാൻ പഠിപ്പിക്കാനായി അമൃതാ ആശുപത്രിയിൽ ജിഗൈറ്റർ റോബോട്ട്. കൊച്ചി അമൃതഹോസ്പിറ്റലിൻറെ ഫിസിക്കല് മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ വിഭാഗത്തിലാണ് പുതിയ സാങ്കേതിക വിദ്യ അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിൻറെ സ്വന്തം സ്റ്റാർട്ടപ്പ് ജെൻ റോബോട്ടിക്സിൻറെ ആരോഗ്യസാങ്കേതിക വിഭാഗമാണ് ജിഗൈറ്റർ. ഇതിന്റെ ഉദ്ഘാടനം വ്യവസായ മന്ത്രി പി രാജീവ് നിർവഹിച്ചു.

നൂതനമായ ചികിത്സരീതികളാൽ 25 വർഷത്തിലേറെയായി കേരളത്തിലെ മികച്ച ആരോഗ്യകേന്ദ്രമായി മാറിയ

ആരോഗ്യസാങ്കേതികവിദ്യാരംഗത്തെ വലിയ മുന്നേറ്റമാണ് ജിഗൈറ്ററെന്ന് പി രാജീവ് അഭിപ്രായപ്പെട്ടു. ഇതോടെ കൊച്ചിയിൽ ആദ്യമായി ജിഗൈറ്റർ സംവിധാനം ലഭ്യമാക്കുന്ന ആശുപത്രിയായി അമൃത മാറി.ചടങ്ങിൽ, അമൃതഹോസ്പിറ്റൽ കൊച്ചി മെഡിക്കൽ ഡയറക്ടർ ഡോ. പ്രേംകുമാർ വാസുദേവൻ നായർ, അമൃതേശ്വരി സൊസൈറ്റി ചെയർമാൻ സാഗർ ധരൻ, ജെൻ റോബോട്ടിക്സ് മെഡിക്കൽ ആൻഡ് മൊബിലിറ്റി റീജിയണൽ ഡയറക്ടർ അഫ്സൽ മുട്ടിയ്ക്കൽ എന്നിവരും പങ്കെടുത്തു.പക്ഷാഘാതം, നട്ടെല്ലിൻറെ പരുക്ക്, അപകടങ്ങൾ, പാർക്കിൻസൺ രോഗം തുടങ്ങിയ നിരവധി കാരണങ്ങൾ മൂലം ചലനശേഷി നഷ്ടമായവരെ വീണ്ടും നടത്താൻ പഠിപ്പിക്കുന്ന റോബോട്ട് ആണ് ജിഗൈറ്റർ.

ജിഗൈറ്റർ സാങ്കേതികവിദ്യയിലൂടെ ഇത്തരം അവസ്ഥയിലൂടെ കടന്നുപോകുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാനും, വേഗത്തിലുള്ള പുനരധിവാസത്തിലേക്ക് അവരെ നയിക്കാനും സാധിക്കും. സെൻട്രൽ ഡ്രഗ്സ് ആൻഡ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻറെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ് ഈ റോബോട്ടിക് സാങ്കേതികവിദ്യ.

പരമ്പരാഗത നടത്ത പരിശീലന രീതിക്ക് ദീർഘമായ വീണ്ടെടുക്കൽ കാലയളവും നിരവധി പോരായ്മകളും ഉണ്ട്. ജിഗെയിറ്റർ പരമ്പരാഗത നടത്തപരിശീലനരീതിയിലെ പ്രശ്നങ്ങൾക്ക് പകരമുള്ള പുത്തൻ സാങ്കേതികവിദ്യയാണ്. പക്ഷാഘാതമുള്ള രോഗികളുടെ ഇടുപ്പിനു താഴെയുള്ള ശരീരഭാഗം നിയന്ത്രിക്കാനുള്ള കഴിവ് മെച്ചപ്പെടുത്താൻ സഹായിക്കുന്നതിന് ഫിസിയോതെറാപ്പിസ്റ്റുകൾ പ്രത്യേകം നടപ്പിലാക്കുന്ന നടത്ത വ്യായാമങ്ങളുടെ സങ്കലനമാണ് ജിഗൈറ്റർ പരിശീലനം. താഴത്തെ അറ്റത്തുള്ള സന്ധികളിൽ ചലനം മെച്ചപ്പെടുത്തുക, ശക്തി, സന്തുലിതാവസ്ഥ മെച്ചപ്പെടുത്തുക, നടക്കുമ്പോൾ സംഭവിക്കുന്ന കാലുകളുടെ ആവർത്തനസ്വഭാവം അനുകരിക്കുക, ഇത് ന്യൂറോപ്ലാസ്റ്റിറ്റി സൃഷ്ടിക്കാൻ സഹായിക്കുന്നു.' ഓരോ രോഗിയുടെയും തനതായ ആവശ്യങ്ങൾക്കനുസരിച്ച് പുനരധിവാസ നടപടി ക്രമങ്ങൾ ക്രിയാത്മകമായി ക്രമീകരിക്കാൻ ഡോക്ടർമാരെ ജിഗൈറ്റർ സഹായിക്കുന്നു. രോഗികളുടെ സമയവും പ്രയത്നവും ലാഭിക്കുന്നതോടൊപ്പം വീണ്ടും നടക്കാനുള്ള അവരുടെ ലക്ഷ്യം കൈവരിക്കാൻ ഇത് സഹായിക്കുന്നു. നൂറ് ചുവടുകൾ പോലും പൂർത്തിയാക്കാൻ ബുദ്ധിമുട്ടുള്ള പരമ്പരാഗത നടത്തപരിശീലനത്തിൽ നിന്ന വ്യത്യസ്തമായി, റോബോട്ടുകളുടെ എഐ പവർഡ് നാച്ചുറൽ ഗെയ്റ്റ് പാറ്റേൺ രോഗികളെ 900 മുതൽ 1000 വരെ ചുവടുകൾ 20 മുതൽ 45 മിനുട്ടിനുള്ളിൽ എളുപ്പത്തിൽ പൂർത്തിയാക്കാൻ സഹായിക്കുന്നു.

ജിഗെയിറ്ററിൻറെ പ്രവർത്തനം ഗെയ്റ്റ് 'പരിശീലനത്തിൻറെ അടിസ്ഥാന സിദ്ധാന്തമായ മോട്ടോർ റിലേർണിംഗിനെ അടിസ്ഥാനമാക്കിയുള്ളതാണ്.

# അധ്യാപകർക്കായി സൗജന്യ ഇന്ററാക്ടീവ് വർക്ക്ഷോപ്പുമായി പ്രയത്ന

**കൊച്ചി:** രണ്ട് മുതൽ അഞ്ച് വയസു വരെയുള്ള കുട്ടികളുടെ അധ്യാപകർക്കായി പ്രത്യേക ഇന്ററാക്ടീവ് വർക്ക്ഷോപ്പുമായി പ്രയത്ന സെന്റർ ഫോർ ചൈൽഡ് ഡെവലപ്മെന്റ്. പ്രാക്ടിക്കൽ സെഷനുകളുടെയും ക്ലാസുകളുടെയും സഹായത്തോടെ അധ്യാപകരിലെ നൈപുണ്യം വർധിപ്പിക്കുകയും അതുവഴി കുട്ടികളുടെ സമഗ്ര വികസനവും ലക്ഷ്യമിട്ടാണ് മെയ് 25ന് രാവിലെ 9.30 മുതൽ വൈകിട്ട് നാല് വരെ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്.മധ്യവേനലവധിക്ക് ശേഷം സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി വിദ്യാർത്ഥികളുടെ വിവിധതരം ആവശ്യങ്ങൾ ഫലപ്രദമായി പരിഹരിക്കുന്നതിനായി അധ്യാപകരെ സജ്ജരാക്കുക എന്നതാണ് ഉദ്ദേശ്യം. പ്രത്യേകം രൂപകൽപ്പന ചെയ്ത സെഷനുകളിൽ പങ്കെടുക്കുന്നത് വഴി കുട്ടികളിലെ വിവിധ വളർച്ചാ പോരായ്മകളും പഠന വൈകല്യങ്ങളും നേരത്തെ തിരിച്ചറിയാനും അക്കാര്യം മാതാപിതാക്കളെയും ആരോഗ്യ മാനസിക വിദഗ്ധരെ അറിയിക്കാനും പ്രാപ്തരാക്കും.

ഏറ്റവും നല്ല രീതിയിലുള്ള ബിഹേവിയർ മാനേജ്മെന്റ്, ക്ലാസ്റൂം മാനേജ്മെന്റ് എന്നിവക്ക് വേണ്ട പരിജ്ഞാനവും നൽകും. ക്ലാസ് മുറികളിലെ ഭാഷാ വൈദഗ്ധ്യം ഉയർത്താനുള്ള പ്രവർത്തനങ്ങൾ, പ്രീറൈറ്റിംഗ്, പ്രീഅക്കാഡമിക് സ്കിൽ ഡെവലപ്മെന്റ് എന്നിവയിലും വൈദഗ്ധ്യം നൽകും. സംശയ നിവാരണത്തിനായി വിദഗ്ധർ നയിക്കുന്ന ചോദ്യോത്തര സെഷനും ഒരുക്കിയിട്ടുണ്ട്.കുട്ടികളിലെ പഠന വൈകല്യങ്ങളും വളർച്ചാ പോരായ്മകൾക്കും ഫലപ്രദമായ ചികിത്സ നൽകുന്ന പ്രശസ്ത സ്ഥാപനമാണ് പ്രയത്നെ സെന്റർ ഫോർ ചൈൽഡ് ഡെവലപ്മെന്റ്.

പ്രയത്നയുടെ കൊച്ചി സെന്ററിൽ നടക്കുന്ന ശിൽപശാലയിൽ പങ്കെടുക്കാൻ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് അവസരമുള്ളത്. താൽപര്യമുള്ളവർക്ക് എത്രയും വേഗം 9037563528 എന്ന നമ്പരിലോ prayatnacochin@gmail.com എന്ന ഇമെയിൽ വഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

# വല്ലാർപാടം ബസിലിക്കയിൽ പരിശുദ്ധാരൂപിയുടെ അഞ്ഞൂറാമത് തിരുനാളിന് കൊടിയേറി

**കൊച്ചി:** ചരിത്രപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ബസിലിക്കയിൽ ഈ വർഷത്തെ പെന്തക്കോസ്ത തിരുനാളിന് ഇന്നലെ വൈകീട്ട് 5.30 ന് വരാപ്പുഴ അതിരൂപതാ ആർച്ച്ബിഷപ്പ് എമിരിത്തൂസ് മോസ്റ്റ് റവ.ഡോ.ഫ്രാൻസീസ് കല്ലറക്കൽ കൊടിയേറ്റിയതോടെ തുടക്കമായി. തുടർന്നുള്ള ദിവ്യബലിയിൽ അദ്ദേഹം മുഖ്യ കാർമ്മികനായിരുന്നു. ഫാ. ആന്റണി ഇലഞ്ഞിക്കൽ വചനപ്രഘോഷണം നടത്തി. പോർച്ചുഗീസ് മിഷനറിമാരാൽ അള 1524 ൽ വിമോചകനാഥയുടെ തിരുച്ചിത്രം സ്ഥാപിച്ചതും പിൽക്കാലത്ത് പരിശുദ്ധ വല്ലാർപാടത്തമ്മയുടെ നാമത്തിൽ പ്രശസ്തിയാർജ്ജിച്ചതുമായ വല്ലാർപാടം ബസിലിക്ക, പരിശുദ്ധാരൂപിയുടെ നാമധേയത്തിലുള്ള ഏഷ്യയിലെ ഏക ദേവാലയമാണ്. ദേവാലയ സ്ഥാപനത്തിന്റെ അഞ്ഞൂറാം വാർഷികമാഘോഷിക്കുന്ന ഈ വേളയിൽ പരിശുദ്ധാരൂപിയുടെ അഞ്ഞൂറാമത് തിരുനാളിനാണ് തുടക്കമായിരിക്കുന്നത്.

ആറു നാൾ നീണ്ടു നില്ക്കുന്ന തിരുനാളാഘോഷങ്ങൾ 19 ന് ഞായറാഴ്ച്ച സമാപിക്കും. തിരുനാൾ ദിനങ്ങളിലെ തിരുക്കർമ്മങ്ങളിൽ ഫാ.ആന്റണി അറയ്ക്കൽ, ഫാ.മാർട്ടിൻ തൈപ്പറമ്പിൽ, ഫാ.ജോർജ് സെക്വര, കോട്ടപ്പുറം രൂപത ബിഷപ്പ് എമിരിത്തൂസ് റൈറ്റ് റവ.ഡോ. ജോസഫ് കാരിക്കശ്ശേരി, എന്നിവർ മുഖ്യകാർമ്മികരായിരിക്കും.



വല്ലാർപാടം ബസിലിക്കയിൽ പരിശുദ്ധാരൂപിയുടെ തിരുനാളിന് ആരംഭം കുറിച്ചു കൊണ്ട് വരാപ്പുഴ അതിരൂപത ആർച്ച്ബിഷപ്പ് എമിരിത്തൂസ് മോസ്റ്റ് റവ.ഡോ ഫ്രാൻസീസ് കല്ലറക്കൽ കൊടി ആശീർവ്വദിക്കുന്നു. നിയുക്ത സഹായ മെത്രാൻ റവ.ഡോ. ആന്റണി വാലുങ്കൽ, ഫാ. ജീയോ ജോർജ് ഇങ്കഗ, ഫാ. സാവിയോ ആന്റണി തെക്കേപ്പാടത്ത്, ഫാ.തോമസ് നെൽസൺ ഛരലങ, ഫാ. കാറൾ ജോയ്സ് കളത്തിപ്പറമ്പിൽ എന്നിവർ സമീപം

സമാപന ദിനത്തിലെ പൊന്തിഫിക്കൽ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപതാ ആർച്ച് ബിഷപ്പ് മോസ്റ്റ് റവ.ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യ കാർമ്മികത്വം വഹിക്കും. ഫാ. അൽബർട്ട് ജോർജ് കാട്ടുകണ്ടത്തിൽ പ്രസംഗിക്കും.

മേയ് 26 ന് ഞായറാഴ്ച്ച എട്ടാം തിരുനാളിന്റെ ദിവ്യബലിയ്ക്ക് ഫാ. ജൂഡിസ് പനയ്ക്കൽ മുഖ്യ കാർമ്മികനായിരിക്കും.

മുപ്പത്തിനാല് പേരടങ്ങുന്ന പ്രസുദേന്തി കൂട്ടായ്മയാണ് തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നല്കുന്നത്.

തിരുനാളാഘോഷങ്ങളുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ പൂർത്തിയായതായി ബസിലിക്ക റെക്ടറും വരാപ്പുഴ അതിരൂപത നിയുക്ത സഹായ മെത്രാനുമായ റൈറ്റ് റവ. ഡോ. ആൻറണി വാലുങ്കൽ, സഹവികാരിമാരായ ഫാ. ആൽവിൻ പോൾ മാട്ടുപുറത്ത്, ഫാ. കാറൾ ജോയ്സ് കളത്തിപ്പറമ്പിൽ, ഫാ.സാവിയോ ആന്റണി തെക്കേപ്പാടത്ത്, എന്നിവർ അറിയിച്ചു.



# പലിശ രഹിത വായ്പയുമായി എന്റെ നാട്

**കോതമംഗലം :** എന്റെ നാട് മൾട്ടി സ്റ്റേറ്റ് അഗ്രോ കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വനിതകൾക്കായി ' കൈത്താങ്ങ് ' പദ്ധതിക്ക് തുടക്കം കുറിച്ചു. സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി 15,000 മുതൽ ഒരു ലക്ഷം രൂപ വരെ പലിശ രഹിത വായ്പ നല്കുന്നതാണ് പദ്ധതി. ഒരു വർഷം മുതൽ മൂന്ന് വർഷം വരെ തിരിച്ചടവിന് സാവകാശമുണ്ടാകും. വനിതകളെ സാമ്പത്തികമായി സ്വയം പര്യാപ്തതയിൽ എത്തിക്കുകയാണ് ലക്ഷ്യമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ചെയർമാൻ ഷിബു തെക്കുംപുറം പറഞ്ഞു. മുനിസിപ്പൽ കൗൺസിലർ ലിസി പോൾ അധ്യക്ഷത വഹിച്ചു. ബീന റോജോ, സി.കെ. സത്യൻ, ജോർജ് അമ്പാട്ട്, സി.ജെ.എൽദോസ് , പി.എ. പാദുഷ, പ്രിയസാബു , അജിത സാബു , വത്സ ബിജു എന്നിവർ പ്രസംഗിച്ചു




# അന്താരാഷ്ട്ര നഴ്സസ് ദിനം ആചരിച്ചു

**ഇടപ്പള്ളി :** ആതുര ശുശ്രൂഷ രംഗത്ത് നഴ്സുമാരുടെ സംഭാവനകളെ ആദരിക്കുന്നതിന്റെ ഭാഗമായി ഇന്നലെ എം.എ.ജെ ഹോസ്പിറ്റലിൽ അന്താരാഷ്ട്ര നഴ്സസ് ദിനം ആചരിച്ചു. 'നമ്മുടെ നഴ്സുമാർ നമ്മുടെ ഭാവി, ആതുര ശുശ്രൂഷയുടെ സാമ്പത്തിക വർഷം' എന്നതാണ് ഇത്തവണത്തെ പ്രമേയം. നഴ്സിംഗ് രംഗത്ത് നിക്ഷേപം നടത്തുന്നതിന്റെ സാമൂഹിക സാമ്പത്തിക നേട്ടങ്ങളെ എടുത്തു കാട്ടുകയാണ് ലക്ഷ്യം. സമൂഹത്തിന്റെ നന്മക്കായി പ്രവർത്തിക്കുന്ന നഴ്സുമാരുടെ ജീവിത നിലവാരം ഉയർത്തി അവർക്ക് നന്ദി അർപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹോസ്പിറ്റലിൽ സംഘടിപ്പിച്ച പരിപാടികൾ രാവിലെ റാലിയോട് കൂടെ ആരംഭിച്ചു. ഹോസ്പിറ്റൽ ഡയറക്ടർ റവ ഫാദർ ആന്റണി മടത്തുംപടി റാലി ഫ് ളാഗ്ഓഫ് ചെയ്തു. നൂറോളം നഴ്സുമാർ റാലിയിൽ പങ്കെടുത്തു. തുടർന്നുള്ള പരിപാടികളിൽ ട്രസ്റ്റിമാരായ ജോസ്കുട്ടി പള്ളിപ്പാടൻ, ജോയ് കളമ്പാടൻ, മെഡിക്കൽ സുപ്രണ്ടന്റ് ഡോ. ജെയിംസ് സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. ബെസ്റ്റ് നേഴ്സിനുള്ള അവാർഡ് ദാനവും ചടങ്ങിൽ നിർവ്വഹിച്ചു.



കൊച്ചിയിൽ പങ്കാളികളുടെ യോഗം സംഘടിപ്പിച്ച് പിയേഴ്സൺ

**കൊച്ചി:** ലേർണിംഗ് കമ്പനിയായ പിയേഴ്സൺ കൊച്ചിയിൽ പങ്കാളികളുടെ യോഗം സംഘടിപ്പിച്ചു. പിയേഴ്സൺ ടെസ്റ്റ് ഓഫ് ഇംഗ്ലീഷിൻറെ സംസ്ഥാനത്തെ വളർച്ചാ പദ്ധതികൾ യോഗത്തിൽ അവതരിപ്പിച്ചു. നിർണായക സഹകാരികൾ, ഓഹരി ഉടമകൾ, വ്യവസായത്തിലെ പ്രമുഖർ തുടങ്ങി 100ലധികം പേർ തന്ത്രപരമായ സഹകരണം ചർച്ച ചെയ്യാൻ ഒത്തുകൂടി. ഉപഭോക്തൃ സേവനം വർധിപ്പിച്ചുകൊണ്ടും ബൃഹത്തായ പരിശീലന പരിപാടികളിലൂടെയും വിപണി ട്രെൻഡുകളെക്കുറിച്ചും അവസരങ്ങളെക്കുറിച്ചും മനസിലാക്കി കൊടുത്തും സഹകാരികളുടെ പരിസ്ഥിതി എങ്ങനെ വിപുലമാക്കാം എന്നതായിരുന്നു ചർച്ച. ടെസ്റ്റിൻറെ ജനപ്രീതി വർധിപ്പിക്കുന്നതിൽ കേരളത്തിലെ തങ്ങളുടെ പങ്കാളികൾക്ക് നിർണായക പങ്കുണ്ടെന്ന് മനസിലാക്കുന്നുവെന്നും പിടിഇ ഉപഭോക്താക്കളുടെ ഡിമാൻഡ് വർധിപ്പിക്കുന്നതിന് പങ്കാളികളെ ശക്തിപ്പെടുത്തുന്നതിൽ പ്രതിജ്ഞാബദ്ധമാണെന്നും പിയേഴ്സൺ ഇന്ത്യ ഇംഗ്ലീഷ് ലാംഗ്വേജ് ലേണിങ് ഡയറക്ടർ പ്രഭുൽ രവീന്ദ്രൻ പറഞ്ഞു.

# മീഡിയ അക്കാദമി പി.ജി.ഡിപ്ലോമ : മെയ് 31 വരെ അപേക്ഷിക്കാം

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ നടത്തുന്ന പി ജി ഡിപ്ലോമ കോഴ്സ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ജേണലിസം & കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേണലിസം, പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ്ങ് എന്നീ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് മെയ് 31 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാനവർഷ ബിരുദ പരീക്ഷ എഴുതുന്നവർക്കും, പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. 31.5.2024 ൽ 28 വയസ്സ് കവിയരുത്. പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും. ഈ വിഭാഗക്കാർക്ക് ഫീസിളവും ഉണ്ടാകും. അഭിരുചി പരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രവേശന പരീക്ഷ ഓൺലൈനായാണ് നടത്തുന്നത്.

പ്രിന്റ് ജേണലിസം, റേഡിയോ, ഓൺലൈൻ, സോഷ്യൽ മീഡിയ, ബ്രോഡ്കാസ്റ്റ് ജേണലിസം, മൊബൈൽ ജേണലിസം തുടങ്ങിയ മാധ്യമപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ പരിശീലനം നൽകുന്ന സമഗ്രമായ പാഠ്യപദ്ധതിയാണ് ജേണലിസം & കമ്യൂണിക്കേഷൻ കോഴ്സ്.

ടെലിവിഷൻ ജേണലിസം, ന്യൂസ് ആങ്കറിംഗ്, വീഡിയോ കാമറ, വീഡിയോ എഡിറ്റിങ്ങ്, ഡോക്യുമെന്ററി പ്രൊഡക്ഷൻ, മീഡിയ കൺവെർജൻസ്, മൊബൈൽ ജേണലിസം, തുടങ്ങി ദൃശ്യമാധ്യമ മേഖലയിൽ സമഗ്രമായ പ്രായോഗിക പരിശീലനം നൽകുന്ന കോഴ്സാണ് ടെലിവിഷൻ ജേണലിസം.

പബ്ലിക് റിലേഷൻസ്, അഡ്വർടൈസിങ്ങ് മേഖലയിലെ നൂതനപ്രവണതകളിൽ പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകുന്നതാണ് പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ്ങ് കോഴ്സ്. ഒപ്പം, ജേണലിസം, ക്രീയേറ്റീവ് റൈറ്റിങ്, പോഡ്കാസ്റ്റിംഗ്, ഡിജിറ്റൽ മാർക്കറ്റിങ്, ആഡ് ഫിലിം മേക്കിങ് എന്നിവയിലും സവിശേഷപരിശീലനം നൽകുന്നു.

ഇന്റേൺഷിപ്പും, പ്രാക്ടിക്കലും ഉൾപ്പെടെ കോഴ്സിന്റെ ദൈർഘ്യം ഒരുവർഷമാണ്.

കോഴ്സ് സംബന്ധിച്ച വിശദവിവരങ്ങൾ മീഡിയ അക്കാദമിയുടെ www.keralamediaacademy.org എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷകൾ ഓൺലൈനായി വെബ്സൈറ്റിലൂടെ സമർപ്പിക്കാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ) ഇട്രാൻസ്ഫർ / ജിപേ/ ബാങ്ക് മുഖേന അടച്ച രേഖ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം.

ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2024 മെയ് 31. കൂടുതൽ വിവരങ്ങൾ അക്കാദമി ഓഫീസിൽ നിന്ന് ലഭിക്കും. ഫോൺ: 0484 2422275

9539084444 (ഡയറക്ടർ), 8086138827 (ടെലിവിഷൻ ജേണലിസം കോഓർഡിനേറ്റർ), 7907703499 (പബ്ലിക് റിലേഷൻസ് കോഓർഡിനേറ്റർ), 9388533920 (ജേണലിസം & കമ്യൂണിക്കേഷൻ കോഓർഡിനേറ്റർ)



# ആൽഫ പാലിയേറ്റീവ് കെയർ വിഷൻ 2030 ശിൽപ്പശാല

**മൂവാറ്റുപുഴ:** പാലിയേറ്റീവ് കെയർ ശൃംഖലയായ ആൽഫ പാലിയേറ്റീവ് കെയറിൻറെ നേതൃത്വത്തിൽ റമുവാറ്റുപുഴയിൽ സന്നദ്ധപ്രവർത്തകർക്കായി ശിൽപ്പശാല സംഘടിപ്പിച്ചു.മുവാറ്റുപുഴ പാറായീസ് റസിഡൻസി ഓഡിറ്റോറിയത്തിൽ നടന്ന ശിൽപ്പശാല മുവാറ്റുപുഴ മുനിസിപ്പാലിറ്റി ചെയർമാൻ പി.പി. എൽദോസ് ഉദ്ഘാടനം ചെയ്തു. ആൽഫ പാലിയേറ്റീവ് കെയർ ചെയർമാൻ കെ.എം.നൂർദീൻ അധ്യക്ഷത വഹിച്ചു. വിഷൻ 2030 എറണാകുളം ജില്ലാ ഡയറക്ടർ പ്രൊഫ. ടി.പി. ജമീല ,ആൽഫ പാലിയേറ്റീവ് കെയർ വിഷൻ 2030 സ്റ്റേറ്റ് കോഓർഡിനേറ്റർ അംജിത്കുമാർ, കമ്യൂണിറ്റി ഡവലപ്മെൻറ് ഓഫീസർ ജെഫിൻ മാത്യു എന്നിവർ പ്രസംഗിച്ചു.പാലിയേറ്റീവ് കെയർ: വെല്ലുവിളികളും പരിഹാരങ്ങളും എന്ന വിഷയം ആൽഫ ചെയർമാൻ കെ.എം.നൂർദീൻ അവതരിപ്പിച്ചു. തുടർന്ന് ചർച്ചയും കമ്മിറ്റീ രൂപീകരണവും നടന്നു. മൂവാറ്റുപുഴയെയും സമീപ പഞ്ചായത്തുകളെയും ഉൾപ്പെടുത്തി പുതിയ ലിങ്ക് സെൻറർ തുടങ്ങുന്നതിനായി സെബി പ്രസിഡൻറ്, അഷ്റഫ് സെക്രട്ടറി, സിന്ധു സുരേഷ് ട്രഷറർ എന്നിവരടങ്ങിയ സമിതിയെ തെരഞ്ഞെടുത്തു.

# ഐക്യൂബ് നിരയിലേക്ക് പുതിയ ടിവിഎസ് മോട്ടോർ



**കൊച്ചി:** ആഗോള വാഹന നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി, ഐക്യൂബ് നിരയിലേക്ക് പുതിയ മൂന്ന് വകഭേദങ്ങൾ കൂടി അവതരിപ്പിച്ചു. 2.2 കെഡബ്ബല്യുഎച്ച് ബാറ്ററിയോടു കൂടിയ പുതിയ ടിവിഎസ് ഐക്യൂബ്, 3.4 കെഡബ്ബല്യുഎച്ച്, 5.1 കെഡബ്ബല്യുഎച്ച് വേരിയൻറിൽ ടിവിഎസ് ഐക്യൂബ് എസ്ടി എന്നിവയാണ് പുതുതായി അവതരിപ്പിച്ചത്. പുതിയ വേരിയൻറുകളുടെ വില്പന ആരംഭിച്ചു. ഈ വിഭാഗത്തിലെ ഏറ്റവും വലിയ ബാറ്ററി പായ്ക്കിനൊപ്പം 11 നിറങ്ങളിലായി 5 വേരിയൻറുകളിൽ, മൂന്ന് ബാറ്ററി ഓപ്ഷനുകളിൽ ഉപഭോക്താക്കൾക്ക് ഇനി ടിവിഎസ് ഐക്യൂബ് സീരീസ് ലഭിക്കും.94,999 രൂപയാണ് ടിവിഎസ് ഐക്യൂബ് 2.2 കെഡബല്യുഎച്ച് വേരിയൻറിൻറെ ബെംഗളൂരു എക്സ്ഷോറൂം വില. 30 ലിറ്ററാണ് അണ്ടർ സീറ്റ് സ്റ്റോറേജ് സ്പേസ്. 950 വാട്ട് ചാർജർ രണ്ട് മണിക്കൂർ കൊണ്ട് 80 ശതമാനം വരെ ചാർജ് ചെയ്യും. ടിവിഎസ് ഐക്യൂബ് എസ്ടി 3.4 കെഡബ്ബല്യുഎച്ച് വേരിയൻറ് 1,55,555 ലക്ഷം രൂപ, ടിവിഎസ് ഐക്യൂബ് എസ്ടി 5.1 കെഡബല്യുഎച്ച് 1,85,373 ലക്ഷം രൂപ എന്നിങ്ങനെയാണ് വില. 7 ഇഞ്ച് ഫുൾ കളർ ടിഎഫ്ടി ടച്ച് സ്ക്രീൻ, 950 വാട്ട് ചാർജർ, 118ലധികം കണക്ടഡ് ഫീച്ചേർസ്, 30 ലിറ്റർ അണ്ടർ സീറ്റ് സ്റ്റോറേജ് സ്പേസ് എന്നിവയാണ് ഇരു വേരിയൻറുകളുടെയും പൊതുവായ സവിശേഷതകളെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# ഇടുപ്പ് മാറ്റിവെയ്ക്കൽ: നൂതനസാങ്കേതിക വിദ്യയുമായി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ഇടുപ്പെല്ലുകൾ മുഴുവനായി മാറ്റിവെയ്ക്കുന്നതിനുള്ള അതിനൂതന ഡയറക്റ്റ് ആന്റീരിയർ രീതി കേരളത്തിലാദ്യമായി അവതരിപ്പിച്ച് ആസ്റ്റർ മെഡ്സിറ്റി. അമേരിക്കയിൽ അടുത്തിടെ ആവിഷ്കരിച്ച ഈ ചികിത്സാരീതി, നിലവിലുള്ള മറ്റെല്ലാ ഇടുപ്പുമാറ്റിവെയ്ക്കൽ ശസ്ത്രക്രിയകളെക്കാളും ഏറെ ഫലപ്രദമാണെന്ന് തെളിയിച്ചിട്ടുള്ളതാണെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ ഓർത്തോപീഡിക് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. വിജയ മോഹൻ എസ് പറഞ്ഞു.പരമ്പരാഗത ഇടുപ്പുമാറ്റിവെയ്ക്കൽ ശസ്ത്രക്രിയകളിൽ അനുബന്ധപേശികൾ എല്ലിൽ നിന്ന് മുറിച്ചുമാറ്റേണ്ടി വരാറുണ്ട്. എന്നാൽ ഡയറക്റ്റ് ആന്റീരിയർ രീതിയിലൂടെ ഇത് ഒഴിവാക്കി ശസ്ത്രക്രിയ പൂർത്തിയാക്കുവാൻ സാധിക്കും. രോഗികളെ സംബന്ധിച്ചിടത്തോളം ഇത് വലിയ ആശ്വാസമാണ്.55 വയസുള്ള രോഗിയിലാണ് കേരളത്തിലാദ്യമായി ഈ ഡയറക്റ്റ് ആന്റീരിയർ രീതിയിൽ ശസ്ത്രക്രിയ നടത്തിയത്. കഴിഞ്ഞ മൂന്ന് വർഷമായി ഇടുപ്പുവേദന നേരിടുകയായിരുന്ന രോഗി, മുൻപ് പല ആശുപത്രികളും ഇടുപ്പ് മാറ്റിവെയ്ക്കണമെന്ന് നിർദേശിച്ചിരുന്നെങ്കിലും സഹിക്കാനാവാത്ത ഘട്ടമെത്തിയപ്പോഴാണ് ആസ്റ്റർ മെഡ്സിറ്റിയിൽ എത്തിയത്.വളരെ കുറഞ്ഞ വേദനയും രക്തനഷ്ടവുമാണ് ഈ ശസ്ത്രക്രിയാ രീതിയുടെ ഗുണങ്ങൾ. ഓപ്പറേഷന് ശേഷമുള്ള അവശതകൾ വളരെവേഗം ഭേദമാകുകയും ചെയ്യും. ശസ്ത്രക്രിയ പൂർത്തിയായാലുടൻ ഡോക്ടറുടെ നിർദേശപ്രകാരം സ്വന്തമായി ചലിക്കാനും കഴിയും. നിലവിലുള്ള ചികിത്സ രീതികളെക്കാൾ രോഗമുക്തി വളരെ വേഗത്തിലുമാണ്.വരുംനാളുകളിൽ ഈ രീതിയിലുള്ള ശസ്ത്രക്രിയക്ക് വലിയ സ്വീകാര്യത കിട്ടുമെന്നും ഇടുപ്പുമാറ്റിവെയ്ക്കൽ കൂടുതൽ എളുപ്പമാകുമെന്നും ഡോ. വിജയ മോഹൻ എസ് പറഞ്ഞു.

ലോകത്തിൽ നിലവിലുള്ള ഏറ്റവും നൂതനമായ ചികിത്സാരീതികൾ ഏറ്റവുമാദ്യം കേരളത്തിൽ അവതരിപ്പിക്കുന്നതിനുള്ള ആസ്റ്റർ മെഡ്സിറ്റിയുടെ ശ്രമങ്ങളുടെ ഭാഗമാണ് ഈ ചികിത്സാരീതി അവതരിപ്പിക്കുന്നതെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു.

# അവധിക്കാല അധ്യാപക സംഗമം

**കൊച്ചി:**പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നടത്തുന്ന അവധിക്കാല അധ്യാപക സംഗമം ജില്ലയിൽ ആരംഭിച്ചു. അധ്യാപക സംഗമം ജില്ലാതല ഉദ്ഘാടനം ഇടപ്പള്ളി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പൊതു വിദ്യാഭ്യാസ ഉപ ഡയറക്ടർ ഹണി. ജി. അലക്സാണ്ടർ നിർവഹിച്ചു. സമഗ്ര ശിക്ഷ കേരളം എറണാകുളം ജില്ല പ്രോജക്ട് കോ ഓഡിനേറ്റർ ബിനോയ് കെ. ജോസഫ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അധ്യാപക ശാക്തീകരണം ചുമതല വഹിക്കുന്ന ജില്ല പ്രോഗ്രാം ഓഫീസർ വി.ആർ ദീപ ദേവി സ്വാഗതം ആശംസിച്ചു.ഡയറ്റ് പ്രിൻസിപ്പൾ ജി.എസ്. ദീപ, കൈറ്റ് ജില്ലാ കോ ഓഡിനേറ്റർ സ്വപ്ന കെ. നായർ, എറണാകുളം ഡി.ഇ.ഒ. ഇൻ ചാർജ് അനൂപ്, എറണാകുളം എ.ഇ.ഒ.. ഡിഫി ജോസഫ്, എച്ച്.എസ്.എസ്. കോ ഓഡിനേറ്റർ ശങ്കരനാരായണൻ, കെ.എസ്.ടി.എ. പ്രതിനിധി കെ.വി. ബെന്നി, കെ.പി.എസ്.ടി.എ. പ്രതിനിധി ടി.വി സാദത്ത്, കെ.എ.എം.എ. പ്രതിനിധി ഇ.ഐ സിറാജ് എന്നിവർ ആശംസകൾ അർപ്പിച്ചു. സമഗ്ര ശിക്ഷ കേരളം എറണാകുളം ബ്ലോക്ക് പ്രോജക്ട് കോ ഓഡിനേറ്റർ പി.എ നിഷാദ് ബാബു നന്ദി പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% CUSTOMER SATISFACTION GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663